# നീര ഉൽപ്പാദനം വിപുലീകരിക്കും

തിരു: കാർഷിക മേഖലയിൽ വലിയ മാറ്റം ഉണ്ടാക്കുന്ന രീതിയിൽ നീര ഉൽപ്പാദനം വിപുലീകരിക്കുന്നതിനുള്ള നാളികേര വികസന കോർപറേഷന്റെ നിർദേശങ്ങൾ ബുധനാഴ്ചത്തെ മന്ത്രിസഭാ യോഗം പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

നാളികേര കർഷകർക്കും തൊഴിലാളികൾക്കും നീര ഉൽപ്പാദനം ഏറെ പ്രയോജനകരമാണ്. ചെത്തുതൊഴിലാളികളും അവരുടെ നേതൃത്വവും ഇക്കാര്യത്തിൽ സഹായകരമായ നിലപാടാണ് സ്വീകരിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഹൈക്കോടതിയിലെ കോൺഫറൻസ് ഹാൾ നവീകരിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് എട്ടര കോടിയുടെ പദ്ധതിക്ക് ഭരണാനുമതി നൽകാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.